# സമഗ്ര വിദ്യാലയ പദ്ധതി 2025 –2026

ലൊക്കേഷൻ- തുറയൂർ ഗ്രാമപഞ്ചായത്ത് 22-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയം110 വർഷം മുമ്പ് സ്ഥാപിതമായി. സമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ജനവിഭാഗങ്ങൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട വിദ്യാലയം 2025-26 അദ്ധ്യയന വർഷം സമഗ്ര ഗുണമേന്മാ വർഷമായി കണക്കാക്കി അദ്ധ്യയന രംഗത്ത് നൂതനവും സമഗ്രവും പ്രവർത്തനാധിഷ്ഠിതവും സജീവവുമായ ക്ലാസ് മുറികൾ ഉണ്ടാക്കുക എന്നതാണ് ഇതിന്റെ മുന്നോടിയായി അദ്ധ്യയന പർഷ കാലയളവിൽ വിവിധ സമയങ്ങളിൽ വ്യത്യസ്ത വിഷയങ്ങളിൽ നടപ്പാക്കേണ്ട പരിപാടികളും അതിന്റെ ചമതല വഹിക്കേണ്ടവരെയും ഇതോനടകം തീരുമാനിച്ചിട്ടുണ്ട്.

**ഭാഷ**

* **കണ്ടെത്തലുകൾ**

വായന, എഴുത്ത്, ചിഹ്നങ്ങൾ ചേർക്കൽ, ഭാഷാനൈപുണി, സർഗ്ഗാത്മകത എന്നീ മേഖലകളിലെല്ലാം പ്രയാസമനുഭവിക്കേണ്ടി വരുന്ന കുട്ടികൾ ഉണ്ട്.

പ്രവർത്തനങ്ങൾ

ഗ്രഹണം, ക്ലാസ് പ്രവർത്തനങ്ങൾ വേണ്ടത്ര രീതിയിൽ കൂടിസ്വായക്തമാക്കൽ, / ഗ്രഹിക്കൽ

* **വായന**

കഥാപുസ്തകങ്ങൾ , ചിത്രപുസ്തകങ്ങൾ, കഥാവായന എന്നിവയിൽ പരിശീലനം, ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, എന്നിവയുടെ പരമാവധി ഉപയോഗം. അക്ഷരത്തെറ്റില്ലാതെ ആവശ്യമായ ശബ്ദക്രമത്തിൽ (ആരോഹണം അവരോഹണ) യോജിച്ച വേഗതയിൽ വായിക്കാൻ പര്യാപ്തമാക്കുക.

* **ലൈബ്രറി**

**ക്ലാസ് ലൈബ്രറി**

ക്ലാസ് തലത്തിലുള്ള ലൈബ്രറി വിതരണം കുട്ടികളിൽ നിന്നും തെരഞ്ഞെടുത്തവരെ ചുമതലപ്പെടുത്തുന്നു. മേൽ നോട്ടം ക്ലാസ് ടീച്ചർക്ക്. കൃത്യമായി വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് നോട്ട് എഴുതാൻ ആവശ്യപ്പെടുന്നു. നല്ല എഴുത്ത്കാർക്ക് നല്ല സമ്മാനം നൽകുന്നു.

ഉച്ചസമയങ്ങൾ, ഒഴിവ് സമയങ്ങൾ, സ്കൂൾ ലൈബ്രറിയിൽ നിന്നും വായന

ക്കായി ഉപയോഗിക്കുന്നു. സകൂൾ ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപക രിൽ നിന്നും രക്ഷിതാക്കൾക്ക് പുസ്തകങ്ങൾ വായിക്കാവുന്നതാണ്. ആയി തന്റെ രേഖകൾ സൂക്ഷിച്ച് വെക്കാവുന്നതാണ്. കുട്ടികൾക്ക് ആഴ്ചയിൽ ഒരി ക്കൽ വായനാക്വിസ് മത്സരങ്ങൾ നടത്തുന്നു. രക്ഷിതാക്കൾക്ക് മൂന്ന് മാസത്തി ലൊരിക്കൽ വായനാക്വിസ് നടത്തുന്നു. ആഴ്ചയിൽ നടത്തുന്ന അസംബ്ലിക ളിൽ കുട്ടികൾ അവർക്കിഷ്ടപ്പെട്ട പുസ്തകത്തെ കുറിച്ച് ഹ്രസ്വ വിവരണം നട ത്തുന്നു. പത്രവായന പ്രോത്സാഹിപ്പിക്കുന്നു. സ്കൂളുകളിൽ പത്രം ലഭ്യമാക്കു ന്നു. ദിവസവും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ വാർത്തകൾ കേൾക്കുന്നു. കഥ, കവിത, ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. ജൂൺ 19 വായനാദിനം സമുചിത മായി ആഘോഷിക്കുന്നു. പി.എൻ.പണിക്കർ ദിനം , ഈ ദിനത്തോടനുബന്ധിച്ച് വായനാമത്സരം,ക്വിസ് മത്സരം, പുസ്തക നിരൂപണം, ആസ്വാധനവകുറിപ്പ് എഡിറ്റിംഗ്, കഥാരചന, കവിതരചന, ലൈബ്രറി പുസ്തകവിവരണം, ചിത്രങ്ങൾ നൽകി കഥ നിർമ്മിക്കൽ, പുരണകഥകൾ, മുത്തശ്ശിക്കഥകൾ, നാടോടികഥകൾ എന്നിവ പരിചയപ്പെടുത്തൽ. ൈഎ.സി.ടി പ്രയോജനപ്പെടുത്തി വ്യത്യസ്ഥതരത്തി ലുള്ള കഥകൽ, കവിതകൾ, കാർട്ടൂണുകൾ എന്നിവ കുട്ടികൾക്ക് മുന്നിൽ അവ തരിപ്പിക്കുന്നു. കഥകൾ സ്കിററുകളാക്കി അവതരിപ്പിക്കൽ, അക്ഷരമാല കേൾക്കൽ, വായനയിൽ ചിഹ്നങ്ങളുടെ ഉപയോഗം കൃത്യത ഭാവം ഉൾക്കൊള ളൽ, ആ വശ്യമായ വേഗത എന്നിവ പരിശോധിക്കൽ, ലൈബ്രറി സന്ദർശനം, നാട്ടിൻ പുറത്തെ ലൈബ്രറികൾസന്ദർശിക്കുക ലൈബ്രറിയിൽ മെമ്പർഷിപ്പ് നേടു ക, ലൈബ്രറി തലപ്രവർത്തനങ്ങളിൽ സജീവമാകുക.

* ലേഖനം

അക്ഷരത്തെറ്റ് കൂടാതെചിഹ്നങ്ങൾ കൃത്യമായി സ്ഥാനങ്ങളിൽ ഉപയോഗിച്ച് കൊണ്ടുള്ള എഴുത്ത്. സ്വന്തമായി ചെറിയ വിവരണങ്ങൾ , കഥകൾ, കവിതകൾ, എന്നിവ എഴുതൽ, പദനിർമ്മാണം, വാക്യനിർമ്മാണം, ചിഹ്നം ചേർക്കൽ, വിട്ടു പോയ അക്ഷരങ്ങൾ , വാക്കുകൾ പൂരിപ്പിക്കൽ ചിഹ്ന വിവരണം, വള്ളികൾ കൂട്ടി ചേർക്കൽ.

ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ കുട്ടികളുടെ എഴുത്തുമായി ബന്ധപ്പെട്ടു ള്ള വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

* **എഴുത്ത്**

1.അക്ഷരത്തെറ്റില്ലാത്തത്

2.ക്രമമായത്.

3.വൃത്തിയും അടക്കും ചിട്ടയുമുള്ളത്

4.പരമാവധി നേർരേഖയിൽ

5.വലിപ്പ ക്രമം പാലിക്കുന്നത്.

6. ചിഹ്നങ്ങൾ വിട്ടുപോകാത്തത്

7. ഖണ്ഡികകൾ വേർതിരിക്കുന്ന വിധം

8 .എഴുത്തിന്റെ വേഗത

9. കൈവഴക്കത്തിന് ചിത്രരചന പരിശീലനം

10. മണലെഴുത്ത്

11. ഫിംഗർ തെറാപ്പി

വിവധ ക്ലാസുകളിൽ നിന്നും ലേഖനത്തിൽ പ്രയാസമനുഭവിക്കുന്ന കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് പ്രഥമഘട്ടത്തിൽ കുട്ടികളിലൂടെയും രണ്ടാമത്തെ ഘട്ടത്തിൽ മേൽ സൂചിപ്പിച്ച വിവധ രീതികളിലൂടെയും കുട്ടികൾക്ക് മടുപ്പ് തോന്നാത്ത വിധം നടപ്പിലാക്കുന്നു.

**രണ്ടാംഘട്ടം**

ചെറിയകഥകൾ, കവിതകൾ, ഇവ വായിച്ച്

എ. ഇഷ്ടപ്പെട്ട വാക്യങ്ങൾ എഴുതൽ

ബി. ഇഷ്ടപ്പെട്ട വരികൾ ചിഹ്നം ചേർത്തെഴുതൽ

ചിത്രങ്ങൾ

ഒരുകൂട്ടം ചിത്രങ്ങൾ നൽകി ഇഷ്ടപ്പെട്ട ചിത്രത്തെ ആസ്പദമാക്കി വിവരണം തയ്യാറാക്കൽ

ചിത്രങ്ങളിലെ വസ്തുക്കളുടെ പേര് എഴുതൽ

ഒരു ഖണ്ഡിക നൽകി ചിഹ്നം ചേർക്കാൻ ആവശ്യപ്പെടൽ

അക്ഷരമാലയിലെ ഒരോ അക്ഷരത്തിലും ആരംഭിക്കുന്ന മൃഗങ്ങളുടെ, പൂക്കളുടെ, വാഹനങ്ങളുടെ, ആളുകളുടെ, വീട്ടുപകരണങ്ങളുടെ, സ്കൂളിലേയും ക്ലാസിലെയുംവസ്തുക്കളുടെ പേരെഴുത്ത്.

ചിഹ്നങ്ങൾ ചേർക്കാത്ത വാക്യങ്ങൾ നൽകുക. ചിഹ്നം ചേർക്കൽ

മറ്റു ഭാഷാപ്രവർത്തനങ്ങൾ

1. കവിതകൾക്ക് വ്യത്യസ്ത ഈണം നല്കൽ

2. വരികൾ മാറ്റി എഴുത്ത്

3. തലക്കെട്ട് മാറ്റൽ

4. ചുരുക്കു എഴുത്ത്

5. ആസ്വാദന കുറിപ്പ്

6. വിവരണം തയ്യാറാക്കൽ

7. സമാന കവിതകൾ കണ്ടെത്തൽ

8. വായിച്ച കഥകൾ സംഗ്രഹിച്ചെഴുതൽ

9. താളഭംഗിയോടെ കവിതാവതരണം

10. സ്വന്തമായി കഥയെഴുത്ത്

11. കവിതാരചന

12. വരികൾ കൂട്ടി ചേർക്കൽ

13. കഥകൾ, കവതകൾ, കേൾക്കാനുള്ള അവസരം

14. കഥാശിൽപ്പശാല

15. കവിതാ/നാടക ശിൽപ്പശാല

16. പാഠഭാഗത്തെ ആസ്പദമാക്കി സ്കിറ്റുകൾ സ്വയം തയ്യാറാക്കുക

17. നിരന്തര പത്രവായന

18. പത്രകുറിപ്പ് തയ്യാറാക്കൽ

19. വാർത്തകൾ ക്രോഡികരിക്കൽ

20. വായനാ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ

21. അസംബ്ലിയിൽ ഹ്രസ്വഭാഷപ്രവർത്തനം അവതരണം

22. ക്ലാസ്, സ്കൂൾ, ലൈബ്രറികൾ പ്രയോജനപ്പെടുത്തൽ

23. ഒഴിവ് സമയങ്ങിലെ വായന

24. ഇടവേളകളിൽ ശബ്ദസംവിധാനംഉപയോഗിച്ച് കഥകൾ , കിവതകൾ, ഗാനങ്ങൾ ഇവ കേൾപ്പിക്കൽ

25. ചിത്രരചനാ മത്സരം

26. വായനാമത്സരം

27. ലേഖനമത്സരം/ സ്കിറ്റ് തയ്യാറാക്കൽ അവതരിപ്പിക്കൽ മത്സരം

28. വായനാക്വിസ്

29. പദനിർമ്മാണം

30 അഭിനയം

31. വിവിധഭാഷാകവിതകൾ

32. പദപ്രശ്ന നിർമ്മാണം

33. ചിത്രങ്ങൾ കണ്ട് കഥയെഴുത്ത്/കവിതാരചന

34. പ്രസംഗമത്സരം

35. കവിതാലാപാനം

**ഗണിതം**

സംഖ്യാബോധം ഉറപ്പിക്കുന്നതിന് ഉല്ലാസ ഗണിതം പോലെയുള്ള ഗണിത പ്രവർത്തനങ്ങൾ നൽകുന്നു. ഗണിത ക്രിയകൾ സൂഷ്മമായും വേഗത്തിലും ചെയ്യാൻ ഉതകുന്ന പരിശീലനം

STD 1

സംഖ്യാബോധം, സങ്കലനം എന്നില ഹൃദിസ്ഥമാക്കാൻ കളിരീതികളിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ചിത്രങ്ങൾ, വസ്തുക്കൾ, എന്നിവയെല്ലാം ഇതിനു പയോഗിക്കുന്നു.ഉദ്ഗ്രഥിത രീതിയിലുള്ള സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്. മലയാളം, ഗണിതം, പരിസരപഠനം എന്നീ വിഷയങ്ങൾ ഉദ്ഗ്രഥിത രീതിയിൽ കുട്ടികളെ പരിചയപ്പെടുത്തുന്നു.

**ഇംഗ്ലിഷ്**

പദങ്ങളും വാക്യങ്ങളും പരിചയപ്പെടുത്തുന്നു. കൊച്ചുകഥകൾ,കവിതകൾ, എന്നിവ പരിചയപ്പെടുത്തുന്നു. 17സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.

STD2.

സ്ഥാനവില, സങ്കലനം, ഗുണിതം എന്നിവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. സ്ഥാനവില പോക്കറ്റ് മഞ്ചാടി, ഈർക്കിൾ എന്നിവ ഉപയോഗിക്കുന്നു. കഠ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. പസിലുകൾ, ഗണിതകേളികൾ, പദപ്രശ്നം എന്നിവ നൽകുന്നു.

STD 3

സ്ഥാന വില, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, ജ്യാമിതി ഇവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. ഗണിതത്തിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ ുലല്യ ഗ്രൂപ്പുകൾ ആക്കി തരംതിരിച്ച് പ്രത്യേക പരിശീലനം നൽകുന്നു. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്ന തലത്തിൽ കുട്ടികളെ എത്തിക്കുന്നു.

4. സങ്കലനം, വ്യവകലനം, ഗുണിതം, ഹരണം പ്രശ്ന നിർദ്ധാരണം എന്നിവയിൽ കുട്ടികളെ പ്രാപ്തരാക്കുന്നു. പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. സൂഷ്മഗണിതം സ്ഥൂലഗണിതം എന്നിവ വേർതിരിച്ച് ചെയ്യുന്നതിൽ പരിശീലനം നൽകുന്നു. ഗണിത പ്രൊജക്റ്റുകൾ നൽകുന്നു.

പരിരസരപഠനം

ഒന്ന്, രണ്ട് ക്ലാസുകളിൽ  പരിസരപഠനം ഉദ്ഗ്രഥിത സമീപന രീതിയിലാണ്. പ്രകൃതിയുമായി ബന്ധപ്പെട്ട പഠന സാധ്യതകൾ  കണ്ടെത്തുന്നു. വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പ്രൊജക്റ്റ് വർക്കുകൾ  നല്കുന്നു. കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിക്കുന്നു. പ്രകൃതി പഠനത്തിന്റെ ഭാഗമായി വിവിധ സസ്യങ്ങൾ , ഇലകൾ, പൂക്കൾ, പഴങ്ങൾ എന്നിവയുടെ പ്രത്യേകതകൾ  അവയിൽ  അടങ്ങിയ വിറ്റാമിനുകൾ  ഉൾപ്പെടെ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾ, ലഘുപരീക്ഷണങ്ങൾ 2,3,4 ക്ലാസുകളിലെ കുട്ടികൾക്ക് നൽകുന്നു. കാലാവസ്ഥ, കൃഷിരീതികൾ, ഭൂപ്രകൃതി ഉൾപ്പെടെ നാലാം ക്ലാസിലെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.

**ഇംഗ്ലീഷ്**

ഇംഗ്ലീഷ് ബാഷ ആർജ്ജിക്കാനുള്ള പ്രവർത്തനങ്ങളുടെ തുടക്കം രണ്ടാം ക്ലാസിൽ  നിന്നും ആരംഭിക്കുന്നു. പദകാർഡുകൾ, വാക്യകാർഡുകൾ, കൊച്ചുകഥകൾ, ചിന്തകഥകൾ, പസിലകോൾ തുടങ്ങി ഭാഷ സംബന്ധിയായ വിവിധ പ്രവർത്തനങ്ങൾ  നൽകുന്നു. ൈഎ.ടി പരമാവധി ഉപയോഗിക്കുന്നു. ഇതിന്റ െഭാഗമായ ആഴ്ചയിൽ  ഒരിക്കൽ  ഇംഗ്ലീഷ് അസംബ്ലി, ഇംഗ്ലീഷ് റീഡിംഗ് ആണ്.സ്പീക്കിംഗ് കോർണറുകൾ, ഇംഗ്ലീഷ് ഡേ കലക്ഷൻഓഫ് മൈ ഇംഗ്ലീഷ് വേൾഡ് എന്നിവ ചെയ്യുന്നു. വിദ്യാലയത്തിൽ  ഇംഗ്ലീഷ് പത്രം വരുത്തുന്നു. കുട്ടികളെ പരമാവധി ഇംഗ്ലീഷ് ക്ലാരിറ്റിയോടെയും വോയിസ് മോഡുലേഷനിലൂടെയും വായനക്കാരെ പ്രാപ്തരാക്കുക. അക്ഷരത്തെറ്റില്ലാതെ എഴുതുക.വാക്കുകളുടേയും വാക്യങ്ങളുടേയും അർത്ഥം കണ്ടുപിടിക്കുക എന്നിവയെല്ലാമാണ് മറ്റ് പ്രവർത്തനങ്ങൾ

**ദിനാചരണങ്ങൾ**

ജൂൺ  മുതൽ  മാർച്ച് വരെ ഒരു അദ്ധ്യയന വർഷത്തിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി ദിനാചരണങ്ങൾ  നടത്തും ഇവയെല്ലാം പഠനപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് നടത്തുക. മാത്രമല്ല പാഠഭാഗങ്ങളുമായി ഈ ദിനങ്ങളെ യോജിച്ച രീതിയിൽ ബന്ധപ്പെടുത്തും . ഇത്തരം പരിപാടികളുടെ ചുമതല ക്ലാസ് ലീഡറുടെയും മറ്റ് കുട്ടികളേയും ഏല്പിക്കും. കൂടാതെ ഓരോ ക്ലാസുകൾക്കും അനുയോജ്യമായ രീതിയിൽ  ഇവ ചിട്ടപ്പെടുത്തും. ഓരോ മാസവും ആവശ്യം ആചരിക്കേണ്ട ദിനങ്ങൾ  തെരഞ്ഞെടുക്കുന്നു. അതിന്റെ ചുമതല  അതുമായി ബന്ധപ്പെട്ട കുട്ടികൾക്ക് നൽകുന്നു. അധ്യാപകർ  മേൽ  നോട്ടം വഹിക്കുന്നു.

**ലോകകായിക പ്രവർത്തി പരിചയ മേളകൾ**

സ്കൂളിൽ സംഘടിപ്പിക്കുന്ന കലാകാലിക പ്രവൃത്തി പരിചയ മേളകൾ  പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നു. കുട്ടികളിലെ നൈപുണി വികസനത്തിനാവശ്യമായ ഇതുമായി ചേർത്ത് നൽകുന്നു. ഒപ്പം തുടർ പ്രവർത്തന സാധ്യതകൾവിലയിരുത്തുന്നു. രക്ഷിതാക്കൾ, വിദ്യാഭ്യാസ പ്രവർത്തകറ്, എസ്.എസ്.ജി എന്നിവർ  ഇത്തരം പ്രവർത്തങ്ങളോട് സഹകരിക്കുന്നു.

**വായനാമത്സരം**

* **വിദ്യാലയ തനത് പരിപാടി**

1 മുതൽ 4–ാംം ക്ലാസ് വരെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും അക്ഷരതെറ്റ് കൂടാതെ വായിക്കാനുള്ള ശേഷി നേടുക എന്ന ലക്ഷ്യം മുൻനിർത്തി 2025 –26 അധ്യയന വർഷത്തിൽ സ്കൂൾ തനത് പരിപാടയായി വായന തെരഞ്ഞെടുത്തത്

**ഒന്നാം ഘട്ടം**

ആദ്യഘട്ടത്തിൽ കുട്ടികൾക്ക് വായിക്കാൻ എത്രമാത്രം കഴിയുന്നു എന്ന് കണ്ടെത്തുന്നു. ലളിതമായ വായാനാകാർഡുകൾ, ചിന്തകൾ അടങ്ങിയ കാർഡുകൾ ഇവ ഇതിനായി പ്രയോജനപ്പെടുത്തുന്നു. എല്ലാ അക്ഷരങ്ങളെയും കൂടാതെ ചിഹ്നങ്ങളെയും പരിചയപ്പെടുത്തുന്നു.

**സംഘ വായന**

കുട്ടികളെ സംഘങ്ങളായി തിരിച്ച് വായാനാ സാധ്യതയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. പ്രസംഗം,അഭിനയം,സംഭാഷണം, കഥപറയൽ, കവിതാലാപനംഎന്നിവ അവസരോചിതമായി ഉപയോഗിക്കുന്നു.

**അമ്മക്കൊരു പുസ്തകം**

വിദ്യാലയത്തിലെ എല്ലാ കുട്ടികളുടേയും അമ്മമാർക്ക് പുസ്തകം നൽകുന്നു. പ്രത്യേകം രജിസറ്റർ ഇതിനായി സൂക്ഷിക്കുന്നു. എസ്.ആർ.ജി കൺവീനറുടെ നേതൃത്വത്തിൽ പുസ്തക വിതരണം നടത്തുന്നു. മാസത്തിലൊരിക്കൽ വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി രക്ഷിതാക്കൾക്ക് വായാനക്വിസ് സംഘടിപ്പിക്കുന്നു.

**പുസ്തകങ്ങൾ തേടി**

സ്കൂലിന്റെ പരിസരപ്രദേശങ്ങളിലുള്ള കുട്ടികളുടേതുൾപ്പെടെയുള്ള വീടുകൾ സന്ദർശിക്കുന്നു. അവിടെ നിന്നും പുസ്തകങ്ങൾ ശേഖരിക്കുന്നു. സ്കൂൾ ലൈബ്രറിയിൽ സൂക്ഷിക്കുന്നു.